# Malayala Manorama
## 27 August 2018
## Alappuzha, Kuttanad, Cleaning Campaign

ദുരിതാശ്വാസ ക്യാംപുകളിൽ ഇന്നു പ്രത്യേക 'പ്രളയ ഗ്രാമസഭ'കൾ

# കുട്ടനാട്ടിൽ നാളെ മുതൽ മഹാശുചീകരണ യജ്ഞം

**ആലപ്പുഴ●** പ്രളയത്തിൽ മുങ്ങിയ കുട്ടനാടിനു പുതുജന്മം നൽകാൻ മഹാശുചീകരണയജ്ഞം നാളെ മുതൽ. 10,000 വിദഗ്ധ തൊഴിലാളികളും അൻപതിനായിരത്തോളം തദ്ദേശവാസികളുമടങ്ങുന്ന സംഘം നാളെ രാവിലെ കുട്ടനാട്ടിലെയും അപ്പർ കുട്ടനാട്ടിലെയും പ്രളയബാധിത മേഖലകളിലെത്തും.

വിദഗ്ധ തൊഴിലുകളിൽ പ്രാവീണ്യമുള്ള വൊളന്റിയർമാരെ തിരഞ്ഞെടുത്തതു വെബ്പോർട്ടൽ വഴി അപേക്ഷ ക്ഷണിച്ചാണ്. ശുചീകരണ പ്രക്രിയയുടെ ക്രമീകരണങ്ങൾ ആലോചിക്കാനായി ദുരിതാശ്വാസ ക്യാംപുകളിൽ ഇന്നു പ്രത്യേക 'പ്രളയ ഗ്രാമസഭ'കൾ ചേരും.

ജില്ലയ്ക്കു പുറത്തു നിന്നെത്തുന്നവർക്കായി വഞ്ചിവീടുകളിൽ താമസ സൗകര്യമൊരുക്കാനാണ് അധികൃതരുടെ തീരുമാനം. ശുചീകരണ പ്രവർത്തനങ്ങൾ പൂർത്തിയായ ശേഷം മാത്രമേ ആളുകളെ വീടുകളിൽ താമസിക്കാൻ അനുവദിക്കൂ.

ജലഗതാഗത സർവീസിന്റെ കാര്യത്തിലും ഇതു തന്നെയാണു തീരുമാനം. നാട്ടുകാരെ ഓരോ ദിവസവും വൈകിട്ടോടെ അവരുടെ ക്യാംപുകളിലേക്കു തിരിച്ചെത്തിക്കുന്ന വിധത്തിലാണു പദ്ധതിയുടെ ക്രമീകരണം. റോഡ് ഗതാഗതം പഴയ നിലയിലാക്കാനും മടവീഴാത്ത പാടങ്ങളിലെ വെള്ളം വറ്റിക്കുന്നതിനുമായി ഉയർന്ന ശേഷിയുള്ള പമ്പുകൾ മഹാരാഷ്ട്രയിൽ നിന്ന് എത്തിച്ചിട്ടുണ്ട്.